വില കുറച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്ത കേസുകൾ

274 (1359) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ വില കുറച്ച് ആധാരം രജിസ്റ്റർ ചെയ്ത എത്ര കേസുകൾ നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; പിഴ അടക്കാൻ നോട്ടീസ് നൽകിയ കേസുകൾ എത്ര;

(ബി) പ്രസ്തുത കേസുകളിൽ എത്ര കോടി രൂപയുടെ വരുമാന നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭൂമിയുടെ വില കുറച്ച് ആധാരം രജിസ്റ്റർ ചെയ്ത 18,61,133 കേസുകൾ 2015 ഒക്ടോബർ മാസം വരെ അണ്ടർവാല്യുവേഷന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 9,22,104 കേസുകളിൽ കുടിശ്ശിക തുക അടയ്ക്കുവാൻ അന്തിമ ഉത്തരവ് നൽകുകയും 8,01,509 കേസുകളിൽ കുടിശ്ശിക തുക ഒടുക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 1,20,595 കേസുകളിൽ തുക ഈടാക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) 2015 ഒക്ടോബർ മാസം വരെ അണ്ടർ വാല്യുവേഷന് റിപ്പോർട്ട് ചെയ്യപ്പെട്ട 18,61,133 കേസുകളിൽ 9,22,104 കേസുകൾ മാത്രമേ അന്തിമ ഉത്തരവ് നൽകിയിട്ടുള്ളൂ. ശേഷിക്കുന്ന 9,39,029 കേസുകൾകൂടി അന്തിമ ഉത്തരവ് നൽകിയാൽ മാത്രമേ പൂർണ്ണമായ വരുമാന നഷ്ടം കണക്കാക്കാൻ കഴിയൂ. 2015 ഒക്ടോബർ മാസം വരെ അന്തിമ ഉത്തരവ് നൽകിയ 9,22,104 കേസുകളിൽനിന്ന് 189,83,55,785 രൂപ വരുമാന നഷ്ടം കണക്കാക്കിയിരുന്നു. ഇതിൽ 8,01,509 കേസുകളിൽ നിന്ന് 188,40,86,764 രൂപ കുടിശ്ശിക ഈടാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 1,20,595 കേസുകളിൽ തുക ഈടാക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly